Kerala Catholic Bishops' Council (KCBC)
Secretariat, Pastoral Orientation Centre, PB No.2251, Palarivattom, Kochi-682025, Kerala, India
Tel: +91-484-2805722, 2805815, Fax: +91-484-2806214
E-mail: kcbc@kcbc.in, www.kcbc.in

7.7.2016

All Kerala Press Release
*Ref: 543/KCBC/K-6/KPR/DS*

# കെസിബിസി സമ്മേളനം ഓഗസ്റ്റ് 8 മുതൽ

കൊച്ചി: കേരള കത്തോലിക്കാമെത്രാൻസമിതി സംഘടിപ്പിക്കുന്ന ഏകദിന ദൈവശാസ്ത്ര സമ്മേളനം സീറോ മലബാർ സഭയുടെ ആസ്ഥാനകാര്യാലയമായ മൗണ്ട് സെന്റ് തോമസിൽ വച്ച് ആഗസ്റ്റ് 8-ന് നടക്കും. കെസിബിസി പ്രസിഡന്റ് കർദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവാ ഉദ്ഘാടനം ചെയ്യുന്ന യോഗത്തിൽ ഫ്രാൻസിസ് പാപ്പായുടെ 'സ്നേഹത്തിന്റെ സന്തോഷം' എന്ന അപ്പസ്തോലിക പ്രബോധനത്തിന്റെ വെളിച്ചത്തിൽ കുടുംബവുമായി വിവിധ വിഷയങ്ങൾ ചർച്ച ചെയ്യും. റവ. ഡോ. ജോയി അറക്കൽ, റവ. ഡോ. ഹോർമിസ് മൈനാട്ടി, ഡോ. മേരി റെജീന എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിക്കും. കെസിബിസി സെക്രട്ടറി ജനറൽ റൈറ്റ് റവ. ഡോ. ജോസഫ് കരിയിൽ, തിയോളജി കമ്മീഷൻ ചെയർമാൻ ബിഷപ് എബ്രാഹം മാർ യൂലിയോസ്, സെക്രട്ടറി റവ. ഡോ. മത്തായി കടവിൽ എന്നിവർ പ്രസംഗിക്കും.

കത്തോലിക്കാസഭയിലെ മെത്രാന്മാരും തിരഞ്ഞെടുക്കപ്പെട്ട ദൈവശാസ്ത്രപണ്ഡിതരും മേജർ സെമിനാരികളിലെ റെക്ടർമാരും ദൈവശാസ്ത്ര പ്രഫസർമാരും കെസിബിസിയുടെ വിവിധ കമ്മീഷൻ സെക്രട്ടറിമാരും മൈനർ സെമിനാരി റെക്ടർമാരും ഏകദിന ദൈവശാസ്ത്രസമ്മേളനത്തിൽ സംബന്ധിക്കും.

2016 ആഗസ്റ്റ് 8 തിങ്കൾ 5-ന് കെസിബിസി സമ്മേളനം നടക്കും. അടിയന്തര പ്രാധാന്യം അർഹിക്കുന്ന വിഷയങ്ങൾ ചർച്ച ചെയ്യും. തുടർന്ന് ആഗസ്റ്റ് 9 മുതൽ 12 വരെ മെത്രാന്മാരുടെ വാർഷിക ധ്യാനം നടക്കും. മിഷണറീസ് ഓഫ് സെന്റ് ഫ്രാൻസിസ് ഡി സെയിൽസ് സഭയുടെ സുപ്പീരിയർ ജനറലായ റവ. ഫാ. അബ്രാഹം വെട്ടുവേലിൽ എം. എസ്.എഫ്.എസ്. ആണ് ധ്യാനം നയിക്കുന്നത്.

**റവ. ഫാ. വർഗീസ് വള്ളിക്കാട്ട്**
ഡെപ്യൂട്ടി സെക്രട്ടറി ജനറൽ, ഔദ്യോഗികവക്താവ്, കെ.സി.ബി.സി./
ഡയറക്ടർ, പി.ഒ.സി.